# Kerala private college teacher



യൂണിവേഴ്സിററി ജനാധിപത്യം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് എ.കെ.പി.സി.ടി.എ–എ.കെ.ജി.സി.ടി. പ്രവർത്തകർ സെപ്തംബർ 24ന് സെക്രട്ടേറിയററ് പടിക്കൽ നടത്തിയ ധർണ: മുൻവിദ്യാഭ്യാസ മന്ത്രി ശ്രീ. കെ. ചന്ദ്രശേഖരൻ സംസാരിക്കുന്നു.

No. 101.
November 1991

# പണിമുടക്ക് വിജയിപ്പിക്കുക

—സംസ്ഥാന കൗൺസിൽ

അഖിലേന്ത്യാ പണിമുടക്കിൽ പങ്കുചേർന്നു
നവംബർ 29-ന് നടക്കുന്ന എ കെ പി സി ടി എ സംസ്ഥാന
വിജയിപ്പിക്കാൻ എറണാകുളത്തു ചേർന്ന എല്ലാ അധ്യാപകരോടും അഭ്യർത്ഥിച്ചു. വിലക്കയറ്റം
കൗൺസിൽയോഗം പൊതുവിതരണസമ്പ്രദായം 'ശക്തമാക്കുക, അത്യാവശ്യസാധന
തടയുക, വ്യവസായസ്ഥാപനങ്ങൾ അടച്ചു
ങ്ങൾ നിശ്ചിതവിലയ്ക്ക് ലഭ്യമാക്കുക, പിരിച്ചുവിടുന്നതും അവസാനിപ്പിക്കുക,
പൂട്ടുന്നതും, തൊഴിലാളികളെ തൊഴിലാളിപങ്കാളിത്തം ഉറപ്പിക്കുക, കള്ളപ്പണം പിടിച്ചെ
മാനേജ്മെന്റിൽ ഐ. എം. എഫ്. അടിച്ചേല്പിക്കുന്ന ഉപാധികൾക്ക് കീഴങ്ങാ
ടുക്കുക, തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങളാണ് പണിമുടക്കിനാധാര
തിരിക്കുക മായിട്ടുള്ളത്.

## എ.കെ.പി.സി.ടി.എ ധർണ

തടഞ്ഞുവച്ച ശമ്പളം നൽകുക, യു. ജി. സി. സ്കെയിലിൽ വരുന്ന
അദ്ധ്യാപകരുടെ ഉടൻ നടത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരളത്തിലെ
അദ്ധ്യാപകരുടെ പേഫിസ്കേഷൻ ഓഫീസുകൾക്കു മുമ്പിലും എ. കെ. പി. സി. ടി. എ. കൂട്ട
ത്തോടെ ഡെപ്യൂട്ടി ഡി. സി. ഇ. ധർണയിൽ ധാരാളം അദ്ധ്യാപകർ പങ്കെടുത്തു. ധർണയ്
ധർണനടത്തി. ഒക്ടോബർ 5 ന് നടന്ന സഹോദരസംഘടനകളുടെ അനുഭാവ പ്രകടനവും എല്ലാ
ക്ക് പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് കൊല്ലത്ത് ധർണ ഉദ്ഘാടനം ചെയ്തത് എൻ. ജി. ഒ. യൂ
കേന്ദ്രങ്ങളിലും ഉണ്ടായിരുന്നു. കോട്ടയത്ത് മുൻമന്ത്രി സ. ടി. കെ. രാമകൃഷ്ണൻ ഉദ്ഘാട
ണിയൻ നേതാവ് സ. വരദനാണ്. മഹാത്മാഗാന്ധി യൂണി: സിൻഡിക്കേറ്റംഗം പ്രൊഫ. ജോയി കുളവേലി
നം നിർവ്വഹിച്ചു. ധർണ ഉദ്ഘാടനം ചെയ്തു. തൃശൂരിൽ കോഴിക്കോട് യൂണി: സിൻഡി
തൃപ്പൂണിത്തുറ നടന്നു ക്കേറ്റംഗം. പ്രൊഫ. കെ. ദാമോദരനാണ് ധർണ ഉദ്ഘാടനംചെയ്തത്.

## കേരള പ്രൈവറ്റ് കോളേജ് ടീച്ചർ


എ.കെ.പി.സി.ടി.എ. മുഖപത്രം
ലക്കം 101
നവംബർ 1991

പത്രാധിപർ
വി. എൻ. മുരളി

മാനേജിംഗ് എഡിറ്റർ
കെ. പി. ദിവാകരൻ നായർ

അംഗങ്ങൾ
ജോർജ് സെബാസ്റ്റ്യൻ
ടി. എൻ. രാമൻപിള്ള
പി. ജി. ചന്ദ്രശേഖരൻ നായർ
ഡോ. കെ. ബി. പവിത്രൻ
വി. രാജേന്ദ്രൻ
ജോണി കെ. ജോൺ
ജോർജ്



വിലാസം:
എഡിറ്റർ,
വസന്തം,
ചെമ്പകശ്ശേരിനഗർ,
കേശവദാസപുരം
തിരുവനന്തപുരം
ഫോൺ - 442242

മാനേജിംഗ് എഡിറ്റർ:
അശ്വതി
എൽ ഐ. സി. ലയിൻ 'ബി'
പട്ടം
തിരുവനന്തപുരം 4
ഫോൺ - 432505

# ജനാധിപത്യ സംരക്ഷണത്തിന് രംഗത്തിറങ്ങുക

കേരളാ-കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളെ ആകെ മാററിമറിക്കുന്ന രീതിയിൽ 'ഏകീകൃത സർവ്വകലാശാല നിയമം' കൊണ്ടുവരാൻ കേരള സർക്കാർ തണിയറയിൽ ഗൂഢമായ നീക്കങ്ങൾ ധൃതിപിടിച്ചു നടത്തിക്കൊണ്ടിരിക്കയാണ്. മൂന്നു യൂണിവേഴ്സിററികളിലേയും പരീക്ഷകൾ ഏകീകരിക്കുക, ഒരേ രീതിയിൽ ഫലം പ്രഖ്യാപിക്കുക, യു ജി. സി. നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ മാററങ്ങൾ വരുത്തുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത നിയമം കൊണ്ടുവരുന്നതിന്റെ പിന്നിലുള്ളതെന്നാണ് ഇതിന്റെ സൃഷ്ടാക്കൾ അവകാശപ്പെടുന്നത്. എന്നാൽ സാമാന്യ ജനത്തെ തെററിദ്ധരിപ്പിക്കുന്നതിനു വേണ്ടി മാത്രമുള്ള ഈ ലക്ഷ്യ പ്രഖ്യാപനത്തിനുമപ്പുറം ഗൂഢവും നിക്ഷിപ്തവുമായ താൽപര്യങ്ങളാണ് ഇവരെ നയിക്കുന്നതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഈ ഗവൺമെന്റിന്റെ വർഗതാൽപര്യം എന്താണെന്ന് മുൻപേതന്നെ അറിഞ്ഞ് ബോദ്ധ്യപ്പെട്ടിട്ടുള്ള കേരളത്തിലെ സ്വകാര്യ കോളജദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ ഒട്ടും സംശയമില്ല.

പരീക്ഷയും ഫലപ്രഖ്യാപനവും ഒരേ രീതിയിൽ നടത്തുന്നതിനോ സിലബസുകൾ ഏകീകരിക്കുന്നതിനോ ഇന്നു നിലവിലുള്ള നിയമങ്ങൾ തടസങ്ങളാണോ? ഇപ്പോൾ നിലവിലുള്ള ഇന്റർ യൂണിവേഴ്സിററി കൺസൾറേററീവ് കൗൺസിലിൽ (I U C C) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും വൈസ്ചാൻസലർമാരും രജിസ്ട്രാർമാരും അംഗങ്ങളാണ്. ഇവർ കൂടിയാലോചിച്ച് തീരുമാനമെടുത്താൽ ഒരേ രീതിയിൽ പരീക്ഷകൾ നടത്തുവാനും ഫലം പ്രഖ്യാപിക്കുവാനും സിലബസ് ഏകീകരിക്കുവാനുമൊന്നും ഒരു പ്രയാസവുമില്ല. പിന്നെയെന്തിനീ ധൃതിപിടിച്ച നീക്കങ്ങൾ?

കേരളാ — കാലിക്കററ് സർവ്വകലാശാലകൾക്ക് ഇന്നുള്ള നിയമം കോത്താരി കമ്മിററി (മോഡൽ ആക്ട് കമ്മിററി) വിഭാവനം ചെയ്ത രൂപത്തിൽ ഉള്ളതാണ്. സർവ്വകലാശാലകൾ ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയം ഭരണ സ്ഥാപനങ്ങളായിരിക്കണമെന്നും സെനററ് അക്കാഡമിഷ്യൻമാരുടേയും സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടേയും ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്ന സമിതി ആയിരിക്കണമെന്നും പ്രസ്തുത കമ്മിററി ശുപാർശചെയ്യുന്നു. അതുകൊണ്ടാണ് സെനററ് അദ്ധ്യാപകർ, രജിസ്ട്രേഡ് ഗ്രാഡ്വേററ്സ്, ട്രേഡ്യൂണിയനുകൾ, പ്രാദേശിക സമിതികൾ, എം. എൽ. എ മാർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വിചിന്തകർ തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ജനവിഭാഗങ്ങളുടെ ഒരു 'ക്രോസ്-സെക്ഷൻ' ആയിരിക്കണം എന്ന് നിശ്ചയിച്ചത്. സെനററിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതിയായിരിക്കണം സിൻഡിക്കേററ്. എങ്കിൽ മാത്രമേ സിൻഡിക്കേററിന് സെനററിനോട് വിധേയത്വം ഉണ്ടായിരിക്കുകയുള്ളൂ.

സമൂഹത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്ക് ഉതകുന്ന രീതിയിൽ പഠന-ഗവേഷണങ്ങൾ സംഘടിപ്പിക്കുക, വികസനോൻമുഖങ്ങളായ കോഴ്സുകൾ ആരംഭിക്കുക, തുടങ്ങിയവയായിരിക്കണം സർവ്വകലാശാലകളുടെ ലക്ഷ്യം. തൊഴിൽപരമായ വൈദഗ്ധ്യത്തിനും തൊഴിലിനോടുള്ള ആഭിമുഖ്യത്തിനും ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ പരിഷ്ക്കരണത്തിന് നേതൃത്വം നൽകാൻ സർവ്വകലാശാലാ ഭരണ സമിതികൾ ബാദ്ധ്യസ്ഥമാണ്. നാടിന്റെ സാഹചര്യവും പ്രാദേശികമായ ആവശ്യകതകളും പൂർണ്ണമായി മനസ്സിലാക്കികൊണ്ട് സമൂഹത്തിന്റെ വികസനത്തിന് ഉപകരിക്കുന്നരീതിയിൽ വിദ്യാഭ്യാസരംഗത്തെ തിരിച്ചുവിടുവാനുള്ള കർമ്മശേഷിയും ലക്ഷ്യബോധവും സർവ്വകലാശാലകൾക്ക് കൂടിയേതീരൂ. അവിടെ ദന്തഗോപുരവാസികളായ അക്കാഡമിഷ്യൻമാരുടെ മാത്രം കുത്തകയാണുണ്ടാകുന്നതെങ്കിൽ ഈ ലക്ഷ്യങ്ങളൊന്നും സാധൂകരിക്കാൻ പോകുന്നില്ല എന്നു മാത്രമല്ല, സമൂഹത്തിന്റെ ആവശ്യങ്ങളുമായൊരു ബന്ധവുമില്ലാത്ത സ്വാർത്ഥ താൽപര്യങ്ങൾക്ക് മാത്രമായിരിക്കും മൻഗണന നൽകപ്പെടുക. അതുകൊണ്ടാണ് സമൂഹത്തിന്റെ താൽപര്യങ്ങൾ പ്രതിഫലിക്കുന്നതിനുവേണ്ടി വിവിധജന വിഭാഗങ്ങളുടെ പ്രശ്നങ്ങളുമായി നിരന്തരബന്ധമുള്ള ആൾക്കാർകൂടി സർവ്വകലാശാലാ സമിതികളിൽ ഉണ്ടായിരിക്കണമെന്ന് കോത്താരി കമ്മിഷൻ നിർദ്ദേശിച്ചത്. എന്നാൽ അതിനുശേഷം വന്ന ഗജേന്ദ്രഗാഡ്കർ കമ്മിഷൻ നിർദ്ദേശിച്ചത് തെരഞ്ഞെടുപ്പിനോടൊപ്പം പരിമിതമായ തോതിൽ നോമിനേഷൻ കൂടി നടത്തണമെന്നാണ്. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ വിമുഖരായിട്ടുള്ള പ്രഗത്ഭമതികളായ വ്യക്തികളുടെ സേവനം കൂടി യൂണിവേഴ്സിററി ഭരണസമിതികൾക്ക് ലഭിക്കുവാൻ വേണ്ടിയാണ് ഈ നിർദ്ദേശം മുന്നോട്ടു വച്ചത്.

ഈ രണ്ടു നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ടാണ് കേരള (1974), കാലിക്കററ് (1975) സർവ്വകലാശാലാനിയമങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്.

യു. ജി. സി. നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ മാററങ്ങൾ വരുത്തുക എന്നതാണ് 'ഏകീകൃത നിയമം' കൊണ്ടുവരുന്നതിന് അനുകൂലമായി ഉയർത്തിയിരിക്കുന്ന മറെറാരു പ്രധാന വാദഗതി. 1982 ൽ യു. ജി. സി. നിയമം ഭേദഗതി ചെയ്തശേഷം നിലവിൽ വന്ന സർവ്വകലാശാലകൾക്ക് നോമിനേററഡ് ഭരണസമിതികളായിരിക്കണം എന്ന് നിഷ്കർഷയുണ്ടായി. സെൻട്രൽ യൂണിവേഴ്സിററിയുടെ ഭരണക്രമങ്ങളെ കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട മാധുരിഷാ കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിഷ്കർഷ നടപ്പിലാക്കുവാൻ തീരുമാനിച്ചത്. അതു തന്നെ, 1982ന് മുൻപ് നിലവിലുള്ള സർവ്വകലാശാലകൾക്ക് അവ രൂപീകരിക്കപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ തുടരുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുന്നുമുണ്ട്. അങ്ങനെയുള്ള സർവ്വകലാശാലകൾക്ക് അർഹതപ്പെട്ട ഗ്രാൻറുകൾ നിഷേധിക്കപ്പെടുകയോ മററു നിബന്ധനകൾ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നതല്ല. അപ്പോൾ, ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരുന്നത് അനിവാര്യമായ യു. ജി. സി നിബന്ധനകൾ പാലിക്കാനാണെന്നുള്ള വാദത്തിൽ കഴമ്പില്ല. മാത്രവുമല്ല, യു. ജി. സി. നിബന്ധനയനുസരിച്ച് നോമിനേററഡ് സിൻഡിക്കേററും ഉപദേശക സ്വഭാവം മാത്രമുള്ള തെരഞ്ഞെടുക്കപ്പെട്ട സെനററും ഉൾക്കൊള്ളുന്ന എം. ജി. യൂണിവേഴ്സിററിയുടെ സ്ഥിതി തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേററും പരമാവധികാര സ്വഭാവമുള്ള തെരഞ്ഞെടുക്കപ്പെട്ട സെനററും ഉൾക്കൊള്ളുന്ന കേരള, കാലിക്കററ് യൂണിവേഴ്സിററികളുടെ സ്ഥിതിയെക്കാൾ ഒട്ടും മെച്ചമല്ല എന്ന കാര്യം കൂടി നാം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ഏകീകൃത നിയമം കൊണ്ടുവരുന്നതോടൊപ്പം "ഹയർ എഡ്യൂക്കേഷൻ കൗൺസിൽ" എന്ന ഒരു ഉന്നതാധികാര സമിതിയും രൂപീകരിക്കുവാൻ നീക്കമാരംഭിച്ചിരിക്കുന്നു. ഈ സമിതിയും നോമിനേററഡ് അംഗങ്ങൾ മാത്രമുള്ളതായിരിക്കും. ഈ സമിതിയാണ് സർവ്വകലാശാലകൾക്കുള്ള ഗ്രാൻറ് നിശ്ചയിക്കുക ഏതൊക്കെ കോഴ്സുകൾ തുടങ്ങണം, അവ എവിടെയൊക്കെയായിരിക്കണം എന്ന് നിശ്ചയിക്കുക തുടങ്ങി ഉന്നതവിദ്യാഭ്യാസ രംഗത്തെ മുഴുവൻ കാര്യങ്ങളും തീരുമാനിക്കുക. ഇവർക്കുള്ള ഉത്തരവാദിത്വം അവരെ നോമിനേററ് ചെയ്ത ഗവൺമെൻറിനോട് മാത്രമായിരിക്കു

(ശേഷം 17-ം പേജിൽ)

വി. രാജേന്ദ്രൻ

# ആവേശം പകർന്ന പ്രവർത്തക ക്യാമ്പ്

എ. കെ. പി. സി. ടി. എ യുടെ ഈ വർഷത്തെ പ്രവർത്തക ക്യാമ്പ് ആഗസ്ററ് 10, 11 തീയതികളിൽ അടൂർ മാർത്തോമാ യൂത്ത് സെൻററിൽ നടക്കുകയുണ്ടായി. കേരളത്തിലെ മൂന്നു യൂണിവേഴ്സിററികളിൽ നിന്നുമായി 123—ഓളം കോളേജുകളെ പ്രതിനിധീകരിച്ച് 200 ൽപരം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. ആഗസ്ററ് 10 രാവിലെ 10 മണിക്ക് ക്യാമ്പ്സൈററിൻെറ അങ്കണത്തിൽ പ്രസിഡൻറ് ജോർജ് സെബാസ്ററ്യൻ പതാക ഉയർത്തിയതോടെ ക്യാമ്പ് ആരംഭിച്ചു. സ്വച്ഛവും ശാന്തവുമായ ക്യാമ്പ്സൈററിൻെറ അങ്കണത്തിൽ, കേരളത്തിലെ സ്വകാര്യ കോളേജധ്യാപകരുടെ ശക്തിയും ആവേശവുമായ പ്രസ്ഥാനത്തിൻെറ പതാക ഉയർന്നപ്പോൾ പ്രവർത്തകരുടെ കണ്ഠങ്ങളിൽ നിന്നു മുഴങ്ങിയ വിജയഭേരികളാൽ അന്തരീക്ഷം മുഖരിതമായി. തുടർന്ന് നടന്ന ക്യാമ്പ് ഉദ്ഘാടന സമ്മേളനത്തിൽ പ്രൊഫ: ജോർജ് സെബാസ്റ്റ്യൻ അദ്ധ്യക്ഷനായിരുന്നു. സ്വാഗതസംഘംചെയർമാനും പത്തനംതിട്ട ജില്ലാ കൗൺസിൽ അദ്ധ്യക്ഷനുമായ സ: കുമാരൻ സ്വാഗതം പറഞ്ഞു സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനത്തിൻെറ ഉത്തരവാദിത്വ ബോധമുള്ള പ്രവർത്തകരുടെ ഈ സമ്മേളനത്തിൽ വിദ്യാഭ്യാസരംഗത്ത് നിലനില്ക്കുന്ന ധർമ്മച്യുതിക്കുള്ളകാരണങ്ങൾ വിശദമായ ചർച്ചക്ക് വിധേയമാക്കുമെന്ന പ്രതീക്ഷ അദ്ദേഹം പ്രകടിപ്പിച്ചു ഉത്ഘാടകൻ കേരള യൂണിവേഴ്സിററി വൈസ്ചാൻസിലർ ഡോ. ജി. ബി. മോഹൻ തമ്പി വിദ്യാഭ്യാസ രംഗത്തെ വിവിധങ്ങളായ പ്രശ്നങ്ങളിലേയ്ക്കു വിരൽ ചൂണ്ടുകയുണ്ടായി. പ്രസ്തുത പ്രശ്നങ്ങൾ അതീവ ശ്രദ്ധയോടും അർഹിക്കുന്ന ഗൗരവത്തോടും ക്യാമ്പ് അംഗങ്ങൾ വിലയിരുത്തുമെന്ന പ്രത്യാശയോടെയാണ് അദ്ദേഹം തൻെറ പ്രഭാഷണം ആരംഭിച്ചത്

## ഡോ. ജി. ബി. മോഹൻതമ്പി

അമേരിക്കൻ വിദ്യാഭ്യാസത്തിൻെറ ചുവടു പിടിച്ചുകൊണ്ട് നമ്മുടെ സാമൂഹ്യ പശ്ചാത്തലവുമായോ സാഹചര്യങ്ങളുമായോ ഒരു ബന്ധവുമില്ലാത്ത രീതിയിൽ കെട്ടിച്ചമച്ച പുത്തൻ വിദ്യാഭ്യാസ രേഖ വിവിധ മേഖലകളിൽ നിന്നുമുയർന്നു വന്ന വിമർശനങ്ങൾ ഒന്നും തന്നെ വകവയ്ക്കാതെ നമ്മുടെ മേൽ അടിച്ചേൽപ്പിക്കാനാണ് അതിൻെറ പ്രയോക്താക്കൾ മുതിർന്നത്. അത്സംബന്ധിച്ചുപിൽക്കാലത്തു നടന്ന ചർച്ചകളും പഠനങ്ങളും എല്ലാം തന്നെ വേണ്ടത്ര പരിഗണന കിട്ടാത്തതിനാൽ ഫലപ്രാപ്തിയിൽ എത്താതെപോകുകയാണുണ്ടായത്. ഉന്നത വിദ്യാഭ്യാസരംഗത്ത് ക്രിയാത്മകമായ ചില മാററങ്ങൾ പ്രതീക്ഷിച്ചു കൊണ്ട് മുൻ കേരളസർക്കാർ ഏർപ്പെടുത്തിയ പ്രീഡിഗ്രി ബസ്സ് ടു സമ്പ്രദായവും ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മേൻമയും ഉയർന്നനിലവാരവും ലക്ഷ്യമാക്കി കൊണ്ടുള്ള യു. ജി. സി. സ്ക്കീമാകട്ടെ ഏറെ താമസിച്ചു മാത്രമാണ് നടപ്പിലാക്കിയത് എന്ന ആക്ഷേപവും ഉണ്ടായിട്ടുണ്ട്. അതേ സമയം അദ്ധ്യാപകർക്ക് ഏർപ്പെടുത്തിയ യു ജി സി സ്ക്കീമിൻെറ ആനുകൂല്യം കൃത്യസമയത്ത് എല്ലാപേർക്കും ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാലുള്ള അസംതൃപ്തിയും ആക്ഷേപങ്ങളും പരിഹരിക്കപ്പെടാതെ ഇരിക്കയുമാണ്. അഖിലേന്ത്യാ തലത്തിലാകട്ടെ ഐ. ഐ. ററി. കളുടെ അദ്ധ്യാപകർക്ക് പ്രത്യേക പരിഗണന നൽകികൊണ്ടുള്ള യു. ജി. സി. തീരുമാനം യൂണിവേഴ്സിററി അദ്ധ്യാപകരുടെ ഇടയിൽ അസ്വസ്ഥതകൾ ഉയർത്തിയിരിക്കയാണെന്ന് ശ്രീ. മോഹൻതമ്പി സൂചിപ്പിച്ചു. ഉത്തരേന്ത്യയിലെങ്കിലും ഐഫക്ടോ തുടങ്ങിയ സംഘടനകൾ ഈ പ്രശ്നത്തിൻെറ പേരിൽ ഒരു സമരരംഗത്തേയ്ക്കു വന്നേയ്ക്കാവുന്ന സ്ഥിതിവിശേഷമാണുള്ളത്.

വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിൽ യൂണിവേഴ്സിററികൾക്ക് ചെയ്യാവുന്നത് നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ അതീവ

ദുഷ്കരമായ ഒന്നാണെന്ന് അദ്ദേഹം പറയുകയുണ്ടായി. വിദ്യാഭ്യാസ വ്യവസ്ഥിതിയാകെ ബ്യൂറോക്രസിയുടെ കരാള ഹസ്തങ്ങളിൽ പെട്ട് ഞെരിയുകയാണ്. ഇത്തരുണത്തിൽ യൂണിവേഴ്സിററികൾ തമ്മിൽ നയപരമായ സമന്വയം പല മേഖലകളിലും ആനിവാര്യമായിരിക്കയാണ്. വിദ്യാഭ്യാസരംഗത്തെ മൂന്നു മേലാളൻമാരും — യൂണിവേഴ്സിററി, ഗവൺമെൻറ്, മാനേജ്മെൻറ് — തമ്മിൽ യൂണിവേഴ്സിററി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഒരേകീകൃത പ്രവർത്തനം ( Centralization ) ഇന്നനിവാര്യമായിരിക്കയാണ് എന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. യൂണിവേഴ്സിററി സമിതികളുടെ പ്രവർത്തനത്തിലും സംഘാടനത്തിലും സാരമായ മാററം ലക്ഷ്യമാക്കികൊണ്ടുള്ള ജ്ഞാനം കമ്മററിയുടെ നിർദ്ദേശങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. സെനററിന് ഇന്ന് യൂണിവേഴ്സിററി ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രാധാന്യം എടുത്തു കളയുക, ഗവർണർക്കു പകരം ഒരു ''സീനിയർ എഡ്യൂക്കേഷണലിസ്ററ് '' നെ ചാൻസലറായി നിയമിക്കുക, വി, സി., രജിസ്ട്രാർ തുടങ്ങിയവരുടെ കാലാവധി അഞ്ചു വർഷത്തേക്കായി നിജപ്പെടുത്തുക, സെനററിലും മററുന്നത സ്ഥാനങ്ങളിലേക്കുമുള്ള നിയമനം ഫാക്കൽററിയിൽ നിന്നുതന്നെയാക്കുക, സെനററിന്റെ പേര് Societal Consultative Committee എന്നാക്കുക, പ്രതിനിധി സഭയിലേക്കുള്ള തെരെഞ്ഞെടുപ്പു സമ്പ്രദായം നിർത്തലാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഇത്തരുണത്തിൽ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

അദ്ധ്യാപകരാണ് വിദ്യാഭ്യാസരംഗത്തെ സുപ്രധാനമായ ഘടകം എന്ന ബോധം അദ്ധ്യാപകർക്കുണ്ടാകണം. പ്രൈവററ് ട്യൂഷൻ തുടങ്ങിയനമ്മുടെ വിദ്യാഭ്യാസ രംഗത്തെ ദുഷ്പ്രവണതകളും അഴിമതികളും എല്ലാം തന്നെ അശാസ്ത്രീയവും അസന്തുലിതവും ആയ ഒരു സാമൂഹ്യ ക്രമത്തിന്റെ ഭാഗമായി ഉണ്ടാകുന്നതാണെന്ന ബോധവും നമുക്കുണ്ടാകണം. നമ്മുടെ ഭരണകൂടത്തിനോ വ്യവസ്ഥിതിക്കാ നിയന്ത്രിക്കാനാകാത്ത വിധം തഴച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാന്തരമായൊരു സമ്പദ്ഘടന (black parallel economy) ഉയർത്തുന്ന വെല്ലുവിളി സമൂഹത്തിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിൽ വളർന്നിരിക്കുന്നു. അതിന്റെ ഭാഗമെന്നോണം പ്രഖ്യാപിച്ചിരിക്കുന്ന പുതിയ സാമ്പത്തിക നയവും ഉദാരവൽക്കരണവും ( liberalization ) ആരെയാണ് സഹായിക്കുക? സാധാരണക്കാരനെയാണോ അതോ വെറും ന്യൂനപക്ഷം മാത്രം വരുന്ന കുത്തകകളെയാണോ? ഭാവി തലമുറയെ വാർത്തെടുക്കുക എന്ന ഉദാത്തമായ കർത്തവ്യം നിക്ഷിപ്തമായിരിക്കുന്ന അദ്ധ്യാപക വർഗ്ഗത്തിന് ഈ സാമൂഹ്യ പ്രശ്നങ്ങളെ കണ്ടില്ലെന്നു നടിക്കാനാവുമോ? സാമൂഹ്യ വിനാശങ്ങൾക്കെതിരെ ഒരു '' ബൗദ്ധികമായ ജാഗ്രത '' ( intellectual alertness ) വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കുവാനുള്ള അദ്ധ്യാപകരുടെ ഉത്തരവാദിത്വം ഭംഗിയായി നിറവേററാൻ കഴിയണം. സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക്കൂടി പരിഹാരം കണ്ടെത്തുന്നതിന് സഹായകമാകും വിധം ഒരു പുതിയ പ്രവർത്തനശൈലി അദ്ധ്യാപക സംഘടനകൾ ആവിഷ്കരിച്ചേ മതിയാവൂ. ഇതുവരെയുള്ള സംഘടനാ പ്രവർത്തനം കൊണ്ട് ആ രംഗത്ത് നമ്മുടെ സംഘടനകൾക്ക് എന്തു ചെയ്യുവാൻ കഴിഞ്ഞു? സമൂഹത്തിലെ ദുഷ്പ്രവണതകൾ, അഴിമതികൾ തുടങ്ങിയവക്കെതിരായി സംഘടനയ്ക്ക് എന്തു ചെയ്യുവാൻ കഴിഞ്ഞു? ഇവയാണ് സംഘടനാ പ്രവർത്തകർ പിന്തിരിഞ്ഞു നോക്കുമ്പോൾ അഭിമുഖികരിക്കേണ്ടിവരുന്ന ചോദ്യങ്ങൾ. സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേയ്ക്ക് സംഘടനാരംഗം സജീവമാക്കണം. അല്ലെങ്കിൽ സംഘടനാപ്രവർത്തനം തന്നെ ഒരു സ്ററാഗ്നേഷനിൽ (Stagnation) എത്തുന്ന ഘട്ടം വന്നു ചേരും. ഈ പ്രശ്നങ്ങൾ മുന്നിൽ വച്ചുകൊണ്ട് ക്രിയാത്മകമായ ചർച്ചയും ശാസ്ത്രീയമായ തീരുമാനങ്ങളും ഉരുത്തിരിഞ്ഞു വരേണ്ടതാണ്. അതിനുള്ള സാഹചര്യം ഈ പ്രവർത്തക ക്യാമ്പിൽ ലഭ്യമാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടാണ് വൈസ്ചാൻസ്ലർ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

തുടർന്ന് സംഘടനയുടെ മുൻ പ്രസിഡണ്ട് പ്രൊ: വി. നാരായണൻകുട്ടി പ്രവർത്തക ക്യാമ്പിന് അഭിവാദനങ്ങൾ അർപ്പിച്ച് സംസാരിച്ചു. വളരെയേറെ വിമർശനങ്ങൾക്കു വിധേയമായ പഴയ—പുതിയ വിദ്യാഭ്യാസനയം തന്നെ

വീണ്ടും ഭീഷണി ഉയർത്തികൊണ്ട് നമ്മുടെ മുന്നിൽ വരാൻ പോകുകയാണ്. കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രി അർജുൻസിംഗിന്റെ പുതിയ പ്രഖ്യാപനങ്ങൾ അക്കാര്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ആട്ടോണമസ് കോളേജുകൾ വീണ്ടും ഭീഷണി ഉയർത്തിയേക്കാം. ഐ. എം. എഫിനും ബഹുരാഷ്ട്ര കുത്തകകൾക്കും ലാഭം കൊയ്യുവാനും ഇൻഡ്യയിലെ പാവപ്പെട്ടവരുടെ പോക്കററു കൊള്ളചെയ്യുവാനും മാത്രം ഉതകുന്ന പുതിയ സാമ്പത്തിക നയങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നമുക്ക് കണ്ടില്ലെന്നു നടിക്കാനാവില്ല അതുപോലെ 'പ്ലസ് ടു' സമ്പ്രദായവും യു. ജി. സി സ്കീമും നടപ്പിലാക്കികൊണ്ട് മുൻ സർക്കാർ തുടങ്ങിവച്ച സദുദ്ദേശ നടപടികളെ പാടെ അവഗണിക്കുന്ന സമീപനം ആണ് പുതിയ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ എതിർപ്പുകൾ എങ്ങനെ നേരിടണം എന്നതിനെപ്പററി നാം ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്ന് അദ്ദേഹം പ്രതിനിധികളെ ഓർമ്മിപ്പിച്ചു, സ്വാഗതസംഘം കൺവീനർ ശ്രീ. പത്രോസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

## ട്രേഡ്‌യൂണിയൻ ക്ലാസ്:—

പ്രൊ. വിശ്വനാഥൻ, പ്രൊ ജോർജ്സെബാസ്ററ്യൻ, പ്രൊ. സി. ജെ. ശിവശങ്കരൻ, പ്രൊ ഉഷാകുമാരി എന്നിവരടങ്ങിയ പ്രസീഡിയത്തിന്റെ മേൽനോട്ടത്തിൽ സ: പത്മലോചനൻ പ്രതിനിധികൾക്കു വേണ്ടി ട്രേഡ് യൂണിയൻ ക്ലാസ് നയിച്ചു. ക്ലാസിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

## പത്മലോചനൻ

രാജ്യം ഇന്നൊരു വലിയ പ്രതിസന്ധിയെ നേരിടുകയാണ് — സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ പ്രതിസന്ധി. അതിനെ ഉത്കണ്ഠയോടെ നോക്കിക്കണ്ടുകൊണ്ടല്ലാതെ ട്രേഡ്‌യൂണിയൻ സംബന്ധിച്ച ചർച്ച ആരംഭിക്കാനാവില്ല. ഒരു ട്രേഡ് യൂണിയൻ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അതിലെ അംഗങ്ങളുടെ പ്രാഥമികവും അടിയന്തരവുമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമത്തിൽ കൂടിയാണ്. സാമ്പത്തികമായ ആവശ്യങ്ങളാണ് ഈ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. അതിനെ വിസ്മരിച്ചുകൊണ്ടുള്ള സംഘടനം പ്രവർത്തനം ഫലപ്രദമാവുകയില്ല. എന്നാൽ അടിസ്ഥാനപരമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ നിന്നു തുടങ്ങി വിപുലമായ ഒരു പ്രവർത്തന മേഖലയിലേക്ക് സംഘടനാ പ്രവർത്തനം വ്യാപിക്കേണ്ടതുണ്ട്. തൊഴിൽ സുരക്ഷിതത്വത്തിനും സേവന വേതന ഭദ്രതയ്ക്കും വേണ്ടി പ്രവർത്തനം നടത്തുമ്പോൾതന്നെ സമൂഹം നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചുള്ള വിചിന്തനങ്ങൾക്ക് ട്രേഡ് യൂണിയനുകൾ നേതൃത്വം നൽകിയേതീരൂ. സമൂഹത്തിൽ നടമാടുന്ന അസമത്വവും ചൂഷണവും അരക്ഷിതാവസ്ഥയും സംബന്ധിച്ചുള്ള ശരിയായ ബോധം തൊഴിലാളികൾക്ക് ഉണ്ടായേ തീരൂ. അതോടൊപ്പം തന്നെ സാർവ്വദേശീയ രംഗത്ത് തൊഴിലാളിവർഗ്ഗം നേരിടുന്ന വെല്ലുവിളികളെ കുറിച്ചും ചിന്തിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

## പുതിയ ഭീഷണികൾ

നമ്മുടെ നാട്ടിൽ, സംഘടനാപ്രവർത്തന രംഗത്തെ പ്രാഥമികമായ അവകാശങ്ങൾ പോലും തടയപ്പെടുന്ന രീതിയിൽ ഭരണവർഗ്ഗം കരിനിയമങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കയാണ്. ആശുപത്രികളിലെ തൊഴിലാളികൾക്ക് സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശങ്ങൾ നിഷേധിക്കുന്നു. മററവശ്യ മേഖലകളിൽ പണിയെടുക്കുന്നവർക്കും അവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാനായുള്ള സമര മാർഗ്ഗങ്ങൾ ക്രമരഹിതങ്ങളാണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള കരിനിയമങ്ങൾ നിലവിലിരിക്കയാണ്. പൊതു മേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ [illegible] അസംതൃപ്തരാണ്. വർദ്ധിച്ചു കൊണ്ടിരിക്കുന്ന ജീവിത ചിലവുകളും നിത്യോപയോഗ സാധനങ്ങളുടെ കുതിച്ചുയർന്നു കൊണ്ടിരിക്കുന്ന വിലയും രൂപയുടെ കുത്തനെയുള്ള മൂല്യതകർച്ചയും പേറുവാനാകാതെ നാട്ടിലെ സാധാരണക്കാരും തൊഴിലാളികളും കഷ്ടപ്പെടുകയാണ്. അതിനിടെ അനിവാര്യമായിവരുന്ന ശമ്പള വർദ്ധന ആവശ്യപ്പെട്ടാൽ ഉത്പാദന ക്ഷമത (productivity) യുടെ കണക്കുപറഞ്ഞു അവരെ നിരുത്സാഹപ്പെടുത്തുന്നു "ഉത്പാദന ക്ഷമതയുടെ അടിസ്ഥാനത്തിൽ മാത്രം വേതന

വർദ്ധന'' എന്ന നയം ഇന്നു വ്യാപകമായി നടപ്പിൽ വരുത്തുവാനുള്ള ശ്രമത്തിലാണ്. ഉത്പാദനക്കമ്മിയും സാമ്പത്തിക ഞെരുക്കവും ആണ് ഇതിന് ന്യായീകരണമായി ചൂണ്ടിക്കാണിക്കുന്നത്. ഈ സമ്പത്തിക ഞെരുക്കം നികത്താൻ ഉത്പാദനം വർദ്ധിപ്പിച്ചേ തീരൂ. എന്നാൽ അത് തൊഴിലാളികളുടെ ചെലവിൽ നിർവ്വഹിക്കപ്പെടണമോ? ഉത്പാദന വർദ്ധനവ് നേടുന്നത് വേതനം മരവിപ്പിക്കലിൽ കൂടി (Wage freeze) മാത്രമേ സാദ്ധ്യമാകൂ എന്നു പറഞ്ഞാൽ അതു സമ്മതിച്ചു കൊടുക്കുവാൻ തൊഴിലാളിവർഗ്ഗം തയ്യാറല്ല. നേരെമറിച്ച് ഒരു '' Wage freeze '' ന് തത്തുല്യമായ ഒരു '' Price freeze '' നു മാനേജുമെൻറുകൾ (ഗവൺമെൻറായാലും സ്വകാര്യമേഖലയായാലും) തയ്യാറാകാത്തത് എന്താണ്? ഈ സാഹചര്യത്തിൽ ഉയർന്ന സാമ്പത്തികാവശ്യങ്ങൾക്കായി സമരം ചെയ്യുന്ന തൊഴിലാളികളെ വികസനത്തിൻെറ എതിരാളികൾ എന്നു പറഞ്ഞു പിന്തിരിപ്പൻ ശക്തികൾ വിമർശിക്കുന്നത് നാം അർഹിക്കുന്ന ഗൗരവത്തോടെ നേരിടേണ്ടിയിരിക്കുന്നു. ആ ശക്തികളെ ചെറുത്തു തോൽപ്പിക്കാനുള്ള സംഘടനാശേഷിയും അവബോധവും തൊഴിലാളികൾ നേടിയെടുത്തേമതിയാകൂ.

## പുത്തൻ സാമ്പത്തിക നയം

പുതിയ സാമ്പത്തിക നയം എന്ന പേരിൽ കേന്ദ്രസർക്കാർ കൊണ്ടു വന്നിരിക്കുന്ന വികലമായ പരിഷ്കാരങ്ങൾക്കെതിരെയും സമ്പത്ഘടനയിൽ വസ്തുനിഷ്ടമായ വിമർശനങ്ങൾ ഉയർത്തുകയുണ്ടായി. രാജ്യം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനുള്ള തീവ്രമായ ശ്രമം എന്ന നിലയ്ക്ക് കുറെ കർക്കശമായ നടപടികൾ ആണ് പുത്തൻ സാമ്പത്തിക നയത്തിൽ കൂടി ഉദ്ദേശിക്കുന്നത് എന്ന പ്രചരണമാണ് അതിൻെറ വക്താക്കൾ നൽകിയിരിക്കുന്നത്. എന്നാൽ ഈ നടപടികൾകൊണ്ട് ആർക്കൊക്കെയാണ് പ്രയോജനം ഉണ്ടാകുന്നത്. നമ്മുടെ സമൂഹത്തിലെ ദാരിദ്ര രേഖയ്ക്കു താഴെ വരുന്ന ബഹുഭൂരിപക്ഷം ജനങ്ങളെയും ഇതെങ്ങനെ ബാധിക്കും? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാനുള്ള ബാധ്യത നമുക്കെല്ലാം ഉള്ളതാണ്. 1960 കളുടെ അവസാനത്തിൽ കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്ന സചിൻ ചൗധുരി കൊണ്ടു വന്ന ഉദാരസാമ്പത്തിക നയങ്ങൾ അന്തിമമായി പരാജയമായത് നാം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. കുത്തക മുതലാളിമാർക്കും വിദേശ കമ്പനികൾക്കും യഥേഷ്ടം വിഹരിക്കുന്നതിനുള്ള ഒരു മേഖലയായി നമ്മുടെ രാജ്യം അധഃപതിച്ചു. ഇന്നു വീണ്ടും അതേ ശക്തികൾക്ക് കുറേ കൂടി ആഴത്തിൽ പിടി മുറുക്കുവാൻ അവസരം നൽകുന്ന '' ഉദാരവൽക്കരണ '' (liberalization) പ്രഖ്യാപനം ആണ് ഉണ്ടായിരിക്കുന്നത്. ഉത്പന്നങ്ങളുടെ കയററുമതിയും വിദേശവിപണനവും ലക്ഷ്യമാക്കികൊണ്ട് നിലനിൽക്കുന്ന വികസിത മുതലാളിത്തരാഷ്ട്രങ്ങൾക്കു മാത്രം പ്രയോജനം വരുന്ന ഒരു നയമാണ് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. അതിൻെറ പരിണിത ഫലമോ? നമ്മുടെ നാട്ടിലെ ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിദേശ കുത്തകകൾക്കും വികസിത മുതലാളിത്തരാജ്യങ്ങൾക്കും ലഭിക്കുന്നതിനുവേണ്ടി കൂടുതൽ വില പേശലുകൾ അന്താരാഷ്ട്ര കമ്പോളത്തിൽ നടത്തുവാനുള്ള അവസരം സൃഷ്ടിക്കലാണ്. തെററായ സാമ്പത്തിക നയം, വികസനനയം, ലൈസൻസിങ്ങ് നയം എന്നിവയെപ്പററിയൊക്കെ പഠിക്കുവാനും അഭിപ്രായം പറയുവാനും തൊഴിലാളികൾ ബാദ്ധ്യസ്ഥരാണ്. അതുണ്ടാകുന്നില്ലെങ്കിൽ പ്രാഥമികമായ ട്രേഡ്‌യൂണിയൻ ലക്ഷ്യങ്ങൾ നിറവേററുന്നതിൽ പോലും നാം പരാജയപ്പെട്ടെന്നുവരും. ഈ തെററായ നയങ്ങൾക്കെതിരെ പ്രതികരിക്കുമ്പോൾ അതിന് രാഷ്ട്രീയത്തിൻെറ നിറമുണ്ടാകും. തൊഴിലാളികൾക്ക് രാഷ്ട്രീയം പാടില്ല എന്നത് എല്ലാ പ്രതികൂല നയങ്ങളെയും കൈയ്യും നാവുമടക്കി അംഗീകരിക്കണമെന്ന പിന്തിരിപ്പൻ നയത്തിന് ഉദാഹരണമാണ്.

## അദ്ധ്യാപകൻെറ പങ്ക്:—

സമൂഹത്തിലെ ബുദ്ധി ജീവി വിഭാഗം എന്നു പറയുന്ന അദ്ധ്യാപകരുടെ സമൂഹത്തിലുള്ള സ്ഥാനം നിശ്ചയിക്കുന്നത് ക്ളാസ് മുറിയിലെ അദ്ധ്യാപനം കൊണ്ടു മാത്രമല്ല, ശാസ്ത്ര — ഗവേഷണ രംഗങ്ങളിൽ, ചരിത്ര സാമൂഹിക രംഗങ്ങളിൽ, സാംസ്കാരിക — സാമ്പത്തികരംഗങ്ങളിൽ, അവർ നേടിയെടുക്കുന്ന പുരോഗതിയുടെ വെളിച്ചത്തിലാണ്. അല്ലെങ്കിൽ അദ്ധ്യാപകൻ എത്താനും വിദ്യാർത്ഥികളെ കുറേ കാര്യങ്ങൾ പഠിപ്പിക്കുക മാത്രം

ചെയ്യുകവഴി സ്വതസിദ്ധമായ അയാളുടെ ബുദ്ധിശക്തിയെ മരവിപ്പിക്കലാവും ഫലം. അദ്ധ്യാപക സംഘടനകൾക്ക് തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയെ മറച്ചുവയ്ക്കാൻകഴിയില്ല. സാർവ്വദേശീയ രംഗങ്ങളിലും അവർ പ്രതികരിച്ചേ മതിയാവൂ, ഇന്ന് സോഷ്യലിസ്ററ് സാമൂഹികക്രമങ്ങൾ പരാജയം ആണെന്ന് പ്രചരിപ്പിക്കുവാൻ മുതലാളിത്തം നടത്തുന്ന ശ്രമങ്ങൾക്ക് ആക്കം കൂട്ടുവാൻ സോഷ്യലിസ്ററ് രാജ്യ ളിൽ യാദൃച്ഛികമായുണ്ടായ പല സംഭവ വികാസങ്ങളും വഴിതെളിച്ചു. എന്നാൽ മുതലാളിത്വത്തിനെയാകെ വെള്ളപൂശുവാൻ ആകുമോ? അതുയർത്തിവിട്ട വിനാശവും മൃഗീയതകളും അത്ര എളുപ്പത്തിൽ വിസ്മൃതമാകുമോ? മുതലാളിത്വത്തിന്റെ സൃഷ്ടിയായ ലോകമഹായുദ്ധങ്ങളും കൂട്ടക്കൊലകളും മൃഗീയമായ ചൂഷണങ്ങളും മനുഷ്യാവകാശ നിഷേധങ്ങളും ഭീകര പ്രവർത്തനങ്ങളും ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് മായ്ച്ചുകളയാൻ ആവുന്നതാണോ ? ലോകജനതയുടെ കാതലായ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ആ വ്യവസ്ഥിതിക്കു കഴിഞ്ഞുവോ? വികസിത സമൂഹങ്ങളിൽ പോലും ദിനം തോറും പെരുകിവരുന്ന തൊഴിലില്ലായ്മക്ക് അറുതിവരുത്തുവാനോ, നിരാലംബരായ ദശലക്ഷങ്ങളുടെ ദാരിദ്ര്യം അകററുവാനോ, വർദ്ധിച്ച അസമത്വങ്ങൾ അവസനിപ്പിക്കുവനോ ആ വ്യവസ്ഥിതിക്കു കഴിഞ്ഞുവോ?

മറുവശത്ത് സോഷ്യലിസ്ററ് വ്യവസ്ഥിതികളുടെ വളർച്ചയിലൂടെ ലോകതൊഴിലാളിവർഗ്ഗം നേടിയെടുത്ത നേട്ടങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ തിളങ്ങുന്ന അദ്ധ്യായങ്ങളാണെന്ന യാഥാർത്ഥ്യം മനസിലാക്കുവാൻ നമുക്കു കഴിയണം.

## ഒരു പുതിയ പ്രവർത്തന ശൈലി

ചരിത്രം നമ്മളിൽ ഏൽപ്പിക്കുന്ന കടമകൾ ഭംഗിയായി നിറവേററുന്നതിലേയ്ക്കായി കാലോചിതമായ മാററങ്ങൾ സംഘടനാപ്രവർത്തനിശൈലിയിലും ഉണ്ടാകേണ്ടത് ഇന്നനിവാര്യമായിരിക്കയാണ്. സംഘടനാ ബാഹുല്യമാണ് നാമിന്നഭിമുഖീകരിക്കുന്ന ഏററവും വലിയ ആഭ്യന്തര പ്രശ്നം. സംഘടനകൾ ഓരോന്നും അവരവരുടെ ഐഡൻറിററി നില നിറുത്തുന്നതിനു വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ പരസ്പര മത്സരവും സ്പർദ്ധയും വളർത്തുന്നു. എന്നാൽ വിഘടിച്ചു നിൽക്കുന്നതിനാലുള്ള ദോഷങ്ങളെ കുറിച്ച് ഏറെക്കുറെ തൊഴിലാളികൾ ബോധവാൻമാരായി വരുകയും ആണ്. ഒരു സംഘടന അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും നിറവേററുന്നതിനുവേണ്ടിയുള്ള പ്രവർത്തനവും പ്രചരണവും ഫലപ്രദമായി നടത്തുന്നതിൽ കൂടി മാത്രമേ തൊഴിലാളികളെ ഏകോപിപ്പിക്കുവാനും ഒരു കൊടിക്കീഴിൽ അണിനിരത്തുവാനും കഴിയുകയുള്ളു അതിൽ കൂടി മാത്രമേ സംഘടനാ ബാഹുല്യ പ്രശ്നത്തിന് പരിഹാരം കാണുവാനും കഴിയുകയുള്ളു. സംഘടനാ പ്രവർത്തന ശൈലിയിൽ ക്രിയാത്മകമായ മാററം ഉണ്ടാകുന്നതോടൊപ്പം ഉത്തരവാദിത്വങ്ങളിലുള്ള കാർമ്മികത്വം ഏറെറടുക്കുവാനും അതു വഴി തൊഴിൽ രംഗത്ത് വ്യക്തിത്വം വളർത്തുവാനും നാം തയ്യാറാകണം എന്ന അഭ്യർത്ഥനയോടെയാണ് സ. പത്മലോചനൻ തന്റെ പ്രഭാഷണം അവസാനിപ്പിച്ചത്.

ഉച്ച ഭക്ഷണ ത്തിനു ശേഷമുള്ള സെഷൻ പ്രൊ. ജി. മാധവൻനായരുടെ സംഘടനാ ചരിത്രത്തെ ആസ്പദമാക്കിയുള്ള പ്രഭാഷണത്തോടെ ആരംഭിച്ചു. ക്യാമ്പംഗങ്ങളിൽ ഒരു നിർണായകശക്തിയായിരുന്ന യുവ സംഘാടകർക്ക് പ്രസ്ഥാനം വളർന്നു വന്ന അതീവ ദുർഘടങ്ങളായ പടവുകളിലേയ്ക്ക് ഒരു തിരിഞ്ഞു നോട്ടം നടത്തുന്നതിന് ഇത് പര്യാപ്തമായിരുന്നു. 1958 ൽ രൂപം കൊണ്ട സ്വകാര്യ കോളേജധ്യാപകരുടെ സംഘടന ഓരോരോഘട്ടങ്ങളിലും നേരിടേണ്ടിവന്ന വെല്ലു വിളികളുടേയും ചെറുത്തു നില്പുകളുടേയും അനുഭവ കഥ യഥാതഥമായും ഉൾക്കാഴ്ചയോടെയും അവതരിപ്പിക്കുന്നതിന് പ്രൊ. ജി. മാധവൻനായർക്കു കഴിഞ്ഞു. കോളേജ ദ്ധ്യാ പകർക്കു മാത്രമായി സമൂഹത്തിൽ ഒരുനിലനില്പ്പില്ലാ എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുവാനും മുൻകാലങ്ങളിലെ ഉറപ്പെട്ട പ്രവർത്തനശൈലിയിൽ അനിവാര്യമായ മാററം ദർശിക്കുവാനും വേണ്ട സംഘടനാബോധം ഇന്ന് ഉരുത്തിരുഞ്ഞു വന്നിരിക്കുന്നു. ഈ മാററം എങ്ങനെ സംജാതമായി എന്ന വസ്തുത വിവരിക്കുവാൻ പ്രസ്തുത ക്ലാസിന് കഴിഞ്ഞു എന്നതാണ് ഏററവും പ്രധാനമായ കാര്യം.

## ഭാവി പ്രവർത്തന രേഖ:—

തുടർന്ന് ജനറൽ സെക്രട്ടറി ഭാവി പ്രവർത്തനരേഖ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. വരും കാലങ്ങളിൽ സംഘടന ഊന്നൽ കൊടുക്കേണ്ട കാര്യങ്ങളേ സംബന്ധിച്ച് വിശദമായ ഒരു ചർച്ചയ്ക്ക് സഹായകമാകും വിധത്തിലുള്ള ഒരു കരടു പ്രവർത്തന രേഖയാണ് സെക്രട്ടറി അവതരിപ്പിച്ചത്. സംഘടനാ രംഗത്ത് നാം ഇനിയും വളരെയേറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു 11500-ൽപരം വരുന്ന സ്വകാര്യ കോളേജ ദ്ധ്യാ പകരിൽ നല്ലൊരു പങ്ക് ഒരു സംഘടനയിലും പെടാത്തവരായി തുടരുകയാണ് കഴിഞ്ഞ നാലു വർഷക്കാലം കൊണ്ട് നമുണ്ടാക്കിയ നേട്ടങ്ങൾ അസൂയാവഹമായ വയമണ്. യു. ജി. സി. ശമ്പള നിരക്ക് നേടിയെടുത്തു. അന്തർ സർവ്വകലാശാല സ്ഥലം മാററങ്ങൾ നിർത്തലാക്കി. സർവ്വകലാശാലയ്ക്കകത്തുള്ള സ്ഥലം മാററങ്ങൾക്ക് വ്യവസ്ഥയുണ്ടാക്കി. ഇനിയും നമ്മെ സംബന്ധിച്ച് ധാരാളം പ്രശ്നങ്ങൾ—പൊതുവായും വ്യക്തിപരമായും ഉള്ളവ—പരിഹരിക്കപ്പെടാനുണ്ട്. എന്നാൽ വരും കാലം മററേതു ജനവിഭാഗത്തേയും പോലെ നമ്മെ സംബന്ധിച്ചും ദുഷ്ക്കരമാണ്. നമ്മുടെ ഭരണകർത്താക്കളുടെ തെററായ സാമ്പത്തിക നയം മൂലം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയററവും സാമ്പത്തിക ക്ലേശങ്ങളും നമുക്ക് താങ്ങാവുന്നതിനും അപ്പുറമാണ്, "wage freeze" തുടങ്ങിയ നടപടികൾ ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ തള്ളിക്കളയുവാനാവില്ല. ഈ സാഹചര്യത്തിൽ നമ്മുടെ സംഘടനയുടെ അംഗബലവും ശേഷിയും വർദ്ധിപ്പിക്കാതെ തരമില്ല. വനിതാ പ്രവർത്തകരുടെ ദൗർലഭ്യവും, വനിതാകോളേജിൽ യൂണിററില്ലാത്ത അവസ്ഥയും പ്രവർത്തകർ അവരവരുടെ ഉത്തരവാദിത്വമുള്ള സമിതികളിൽവേണ്ട്ര ശുഷ്കാന്തിയോടെയുള്ള പ്രവർത്തനം കാഴ്ച വയ്ക്കാത്തതും തുടങ്ങി സംഘടനാരംഗത്തെ നമ്മുടെ ദൗർബല്യങ്ങൾ സ്വയം വിമർശനപരമായി അവതരിപ്പിക്കുവാനാണ് സെക്രട്ടറി ശ്രമിച്ചത്,

## അക്കാദമിക് പ്രവർത്തനം:—

സംഘടനയുടെ അക്കാദമിക് പ്രവർത്തനങ്ങളെപ്പററി പ്രൊഫ. മാമ്മൻ വർക്കി സംക്ഷിപ്തവും എന്നാൽ ഉൾക്കാഴ്ചയോടു കൂടിയതും ആയ ഒരു രേഖ അവതരിപ്പിച്ചു. അക്കാദമിക് പ്രവർത്തനത്തിൻെറ അടിസ്ഥാനമെന്തായിരിക്കണം ഈ രംഗത്തെ നമ്മുടെ ലക്ഷ്യം എന്തായിരിക്കണം വരും കാലങ്ങളിൽ ഈ രംഗത്ത് നാം എന്തൊക്കെ ചെയ്യണം എന്നിവയെ സംബന്ധിച്ച് ഒരു വിശദീകരണം ആണ് പ്രസ്തുതരേഖയിൽ ഉണ്ടായിരുന്നത്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് കഴിഞ്ഞ കുറേ വർഷത്തെ നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങളിലും, പ്രചരണങ്ങളിലും കൂടി നാം രൂപപ്പെടുത്തി എടുത്ത ഒരു സമീപനവും കാഴ്ചപ്പാടും ഉണ്ട്.

സാമൂഹ്യ വിമോചനവും വികസനവും ആണ് നമ്മെ സംബന്ധിച്ച് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. സമൂഹത്തിൽ സമഗ്രമായ ഒരു പുനഃസംവിധാനം ഉണ്ടാകുന്ന വിധത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചലിക്കണം. അദ്ധ്യാപനം എന്നത് സാമൂഹ്യ പ്രതിബദ്ധതയോടെ നിർവഹിക്കേണ്ട ഒരു ധർമ്മമാണ്. ഇത്തരമൊരു സമീപനം ആവശ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളിലേയ്ക്കും ശ്രദ്ധ തിരിക്കുവാനുള്ള ശ്രമം എ. കെ. പി. സി. ടി. എ. നടത്തികൊണ്ടിരിക്കയാണ്. അതിൻെറ ഭാഗമായിട്ടാണ് അക്കാദമിക് മേഖലയിലെ പ്രവർത്തനങ്ങളുടെ സവിശേഷ ശ്രദ്ധക്കായി ഒരു ഘടകം (അക്കാദമിക് കമ്മററി) രൂപീകരിച്ചിട്ടുള്ളത്. അക്കാദമിക് കമ്മററിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലായതു കൊണ്ട് അതിൻെറ പ്രവർത്തനമേഖലയെക്കുറിച്ചു കൂടുതൽ ചർച്ചചെയ്യേണ്ടതുണ്ട്. അതിന് സഹായകമാകുന്ന ഒരു പ്രവർത്തന രേഖയാണ് അവതരിപ്പിക്കപ്പെട്ടത്.

## സാംസ്ക്കാരിക രംഗം:

സാംസ്ക്കാരിക രംഗത്തെ നമ്മുടെ കടമകളെപ്പററി ശ്രീ പ്രഭാകരൻ പഴശ്ശി ഒരു രൂപരേഖ അവതരിപ്പിച്ചു. സാംസ്ക്കാരിക രംഗത്തെ ഏററവും വലിയ പ്രതി ബന്ധം വർഗ്ഗീയതയാണെന്നും നമ്മുടെ ഇടയിലെ ഒരു കനത്ത ശിക്ഷയായി ഇന്നും ജാതി ചിന്തകൾ നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹം ചൂണ്ടി കാണിച്ചു. കലാരംഗത്താകട്ടെ നമ്മുടേതായ ഒരു സംസ്ക്കാരത്തിൻെറ പ്രതിഫലനം ഉണ്ടാകുന്നേയില്ല. മറിച്ച് നമ്മുടേതിൽ നിന്നും വ്യത്യസ്തമായ പാശ്ചാത്യസംസ്കാര

രമാണ് ഇവിടെ പ്രതിഫലിച്ചു കാണുന്നത ഈ രംഗത്തെ പുനരുദ്ധാരണത്തിന് മുൻകൈയെടുക്കേണ്ടവർ മററാരെക്കാളും പ്രധാനമായും അദ്ധ്യാപകരാണ്. ക്ലാസ്റൂം സിലബെസ്സിൽ നിന്നു കൊണ്ടുതന്നെ അതിനുമപ്പുറത്ത് ദർശിക്കുവാൻ നമുക്കു കഴിയണം. കോളേജുകളിലെ അന്തരീക്ഷം അതിനു പ്രയോജനപ്പെടുത്താൻ അദ്ധ്യാപകർ ശ്രമിക്കണം.

## സാമൂഹ്യ രംഗത്തെ കടമകൾ:

ഓരോ അദ്ധ്യാപകന്റെയും സാമൂഹ്യമായകടമകളിൽ പ്രാഥമികവും പരമ പ്രധാനവും ആയത് ഓരോരുത്തരും അദ്ധ്യാപകൻ എന്നുള്ള നിലയിൽ തങ്ങളുടെ പ്രവർത്തനം കുററമററതാക്കുക എന്നതാണ്. ഒരു നല്ല അദ്ധ്യാപകനു മാത്രമേ നല്ല സംഘടനാ പ്രവർത്തകൻ ആകാൻ കഴിയൂ. നമ്മുടെ സംഘടനയ്ക്ക് കഴിഞ്ഞ കാലങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുക്കാൻ കഴിയാതെ പോയതും ഈ രംഗത്താണ് അദ്ധ്യാപനത്തിൽ മാത്രമല്ല കോളേജുകളുടെ പഠ്യേതര പ്രവർത്തനങ്ങളിലും നാം സജീവമായി പങ്കെടുക്കണം. കോളേജു ഭരണത്തിന്റെ ഒരു തലത്തിലും നമ്മെ ഒഴിവാക്കാൻ കഴിയില്ലെന്നുള്ള സാഹചര്യം നമ്മുടെ പ്രവർത്തനങ്ങളുലൂടെ നാം സൃഷ്ടിക്കണം. മെച്ചപ്പെട്ട സംഘടനാപ്രവർത്തനങ്ങളിലൂടെ അദ്ധ്യാപക താത്പര്യങ്ങൾ സംരക്ഷിക്കുവാൻ നമുക്കു മാത്രമേ കഴിയൂ എന്ന് അദ്ധ്യാപകരേയും സമൂഹത്തേയും നാം ബോദ്ധ്യപ്പെടുത്തണം. ആനുകാലിക സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും അവയുടെ ദുഷ്ഫലങ്ങൾക്കെതിരെ പൊതുജനങ്ങളെ അണിനിരത്തുന്നതിനും നമുക്ക് കഴിയണം. അങ്ങനെ ഏററവും നല്ല അദ്ധ്യാപകരായി സാമൂഹ്യ മാററത്തിന്റെ പ്രവാചകൻമാരായി സമൂഹത്തെയാകെ നയിക്കാൻ പ്രാപ്തരാക്കുക എന്നുള്ളതാണ് എ കെ പി സി ടി എ പ്രവർത്തകരുടെ ഇന്നത്തെ സാമൂഹ്യ കടമ എന്ന പ്രബന്ധം അവതരിപ്പിച്ചു കൊണ്ട് പ്രൊ. ടി. കെ. ജി. നായർ ഉദ്ബോധിപ്പിച്ചു.

## ഗ്രൂപ്പു ചർച്ച:

അത്താഴത്തിനും വിശ്രമത്തിനും ശേഷം ക്യാമ്പംഗങ്ങൾ ഗ്രൂപ്പു ചർച്ചയ്ക്കായി ഒത്തുകൂടി. മൂന്നു യൂണിവേഴ്സിററി ഏരിയകളിൽ നിന്നും വന്നവർ വെവ്വേറെ ഗ്രൂപ്പുകളിലായി ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് രാത്രി 1 മണി വരെ ചർച്ച നടത്തി. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ഭാവി പ്രവർത്തന രേഖയുടേയും മററു രേഖകളുടേയും വെളിച്ചത്തിൽ അംഗങ്ങൾ നടത്തിയ അഭിപ്രായ പ്രകടനം പുതിയ പ്രവർത്തകർക്ക് ആവേശകരമായ ഒരു അനുഭവമായിരുന്നു. സംഘടനാ പ്രശ്നങ്ങൾ, അക്കാദമിക് പ്രവർത്തനങ്ങൾ, പരീക്ഷാ ക്രമക്കേടുകൾ, സ്വകാര്യ ട്യൂഷൻ തുടങ്ങിയ വിഷയങ്ങളാണ് കൂടുതൽ ചർച്ചയ്ക്കു വിധേയമാക്കപ്പെട്ടത്. ചർച്ചയിൽ നിന്നുരുത്തിരിഞ്ഞു വന്ന ആശയങ്ങൾ ക്രോഡീകരിക്കുന്നതിനായി. ഓരോ യൂണിവേഴ്സിററിയിൽ നിന്നും ഈരണ്ടുപേരെ ചുമതലപ്പെടുത്തി. കേരള യൂണിവേഴ്സിററി ഏരിയായിൽ നിന്നും പ്രൊ. അർജ്ജുനനും, ഇന്ദുലാലും എം. ജി. യൂണിവേഴ്സിററിയിൽ നിന്നും പ്രൊ. കെ. കെ. ജി. നായരും കാലിക്കററ് യൂണിവേഴ്സിററി ഏരിയായിൽ നിന്നും പ്രൊ. ഹബീബ് റഹ്മാൻ, ബാലകൃഷ്ണൻ എന്നിവരും ചർച്ച ക്രോഡീകരിച്ച് അവതരിപ്പിച്ചു.

ക്യാമ്പിന്റെ രണ്ടാം ദിവസം ഡോക്ടർ ജേക്കബ് ഈപ്പൻ "ഇന്ത്യൻ സാമ്പത്തിക പ്രതിസന്ധിയും അന്തർദേശീയ നാണയ നിധിവായ്പയും"എന്ന വിഷയത്തെ അധികരിച്ചു നടത്തിയ പ്രഭാഷണം അതീവ വിജ്ഞാനപ്രദമായിരുന്നു. ഇന്ത്യ ഇന്ന് നേരിടുന്ന സാമ്പത്തികപ്രതിസന്ധിയെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠവുംയാഥാർത്ഥ്യ ബോധത്തോടു കൂടിയതും ആയ ഒരുപഠനം ആണ് അദ്ദേഹം ക്യാമ്പംഗങ്ങളുടെപരിഗണനയ്ക്കു വച്ചത്. ഇന്ത്യയിൽ ഒരു വെല്ലുവിളിയായി ഉയർന്നു വന്നിരിക്കുന്ന സമ്പദ്ഘടനയുടെ മൊത്തത്തിലുള്ള പ്രവർത്തനവുംശക്തിയും വിശദീകരിച്ചുകൊണ്ട് അവ നമ്മുടെ സമൂഹത്തിലേല്പിക്കുന്നമുറിവുകൾ അദ്ദേഹം എടുത്തു കാട്ടുകയുംണ്ടായി. അതിനെതുടർന്ന് പ്രൊ. പി. രവീന്ദ്രനാഥ്, പി. ജെ ഫിലിപ്പ്, തോമസ് ജോർജ് എന്നിവർ നടത്തിയ അഭിപ്രായ പ്രകടനങ്ങളും ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങളുടെ അഗാധതയെ സംബന്ധിച്ച് അംഗങ്ങളെ ബോധവാൻമാരാക്കാൻ സഹായിച്ചു. ഇന്ത്യയുടെ സാമ്പത്തിക പ്രതിസന്ധി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല.

1960 കളിൽ കാർഷിക മേഖലയിലെ മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച ഉദാരവൽക്കരണ നയവും തുടർന്ന് 1970 കളിൽ വ്യാവസായിക രംഗത്തേയ്ക്കുള്ള അവയുടെ വ്യാപനവും മുതൽ ഇന്നു വരെയുള്ള നയങ്ങളെല്ലാം തന്നെ ബോധപൂർവ്വമായ ഒരു പ്രവർത്തനത്തിന്റെ ഭാഗമായി വേണം നാം കാണാൻ. ഇന്നു നാം നേരിടുന്ന പ്രതിസന്ധികൾ കഴിഞ്ഞ മൂന്നു പതിററാണ്ടുകളായി നമ്മുടെ ഭരണാധികാരികൾ തുടർന്നു വരുന്ന വികലമായ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായതാണ്. സാമ്രാജ്യത്വത്തിന്റെ കൈകളിലെ കളിപ്പാവയായി മാറിയ ഇന്ത്യ ഇന്ന് മോചിപ്പിക്കപ്പെടാനാകാത്ത വിധം ഒരു മരണക്കെണിയിലിണ്. ഐ. എം. എഫിന്റെ കെണിയിൽ അകപ്പെട്ടു പോകുവാൻ വേണ്ടി അത്രമാത്രം രൂക്ഷമായ സാമ്പത്തികപ്രതിസന്ധി നമുക്കുണ്ടോ? എന്തു കൊണ്ടാണ് അതു വേണ്ടിവന്നത്, ഭരണാധികാരികളുടെ ഐ. എം. എഫിനോടുള്ള വിധേയത്വം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ക്യാമ്പിന്റെ അവസാനഘട്ടമായി. യൂണിവേഴ്സിററി നിയമങ്ങളെയും വ്യവസ്ഥകളെയും പററി പ്രൊ. പി. നരേന്ദ്രൻ അംഗങ്ങൾക്ക് വിവരിച്ചു കൊടുത്തു. മാറിയ സാഹചര്യത്തിൽ നിയമപരമായ നടപടികളിൽ കൂടി തങ്ങൾക്ക് ഇഷ്ടമില്ലാത്ത അദ്ധ്യാപകരെ ശിക്ഷിക്കുവാനുള്ള പ്രവണത അടുത്ത നാളുകളിൽ വർദ്ധിക്കയാണ്. ഈഅവസരത്തിൽയൂണിററുതല പ്രവർത്തകർക്ക് യൂണിവേഴ്സിററി ശിക്ഷാവ്യവസ്ഥകളും നടപടികളും അവയ്ക്കുള്ളപ്പീൽ മാർഗ്ഗങ്ങളും സംബന്ധിച്ച് അറിവുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. നിയമത്തിന്റെ ആനുകൂല്യം കൊണ്ടു മാത്രം എല്ലാ കാര്യങ്ങളും നേടിക്കളയാമെന്ന ധാരണ ഇന്ന് തിരുത്തപ്പെട്ടു കൊണ്ടിരിക്കയാണ്. സംഘടിതശക്തികൊണ്ടു മാത്രമേ ഇത്തരം പ്രതിബന്ധങ്ങളെചെറുത്തു നില്ക്കാനാകൂ എന്ന് അദ്ദേഹം അംഗങ്ങളെ ഓർമ്മിപ്പിച്ചു.

---

യു. ജി. സി. സംബന്ധിച്ച അംഗങ്ങളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും സെക്രട്ടറിമാരിൽ ഒരാളായ പ്രൊ. ഹരിദാസ് വിശദീകരണം നൽകി. ക്യാമ്പംഗങ്ങളെ സംബന്ധിച്ച ക്രെഡൻഷ്യൽ റിപ്പോർട്ട് പ്രൊ. പ്രതാപചന്ദ്രൻനായർ അവതരിപ്പിച്ചു.

## ക്രഡൻഷ്യൽ റിപ്പോർട്ട്

1991 ആഗസ്ത് 10, 11 തീയതികളിലായി ക്യാമ്പിൽ രജിസ്റ്റർ ചെയ്ത 191 അംഗങ്ങളിൽ 134 പേർ ക്രഡൻഷ്യൽ ഫോമുകൾ പൂരിപ്പിച്ചു നല്കി. ലഭിച്ച ക്രഡൻഷ്യൽ ഫോമുകളുടെ ജില്ലതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു. തിരുവനന്തപുരം : 10 ; കൊല്ലം : 21 ; ആലപ്പുഴ : 13 ; പത്തനംതിട്ട : 18 ; കോട്ടയം/ഇടുക്കി : 24 ; എറണാകുളം : 8 ; തൃശൂർ 10 ; പാലക്കാട് : 10 ; മലപ്പുറം : 8 ; കോഴിക്കോട്/വയനാട് : 4 ; കണ്ണൂർ/കാസർഗോഡ് : 8

ബ്രാഞ്ചുകളുടെ പങ്കാളിത്തത്തിന് പ്രാധാന്യം കൊടുക്കുന്ന പ്രവർത്തക ക്യാമ്പിൽ ജില്ലകളുടെ പ്രാതിനിധ്യം താഴെ നല്കുന്നു.

| ജില്ല | അംഗത്വമുള്ള ബ്രഞ്ചുകളുടെ എണ്ണം | പങ്കെടുത്ത ബ്രാഞ്ചുകളുടെ എണ്ണം | ജില്ലയിൽ നിന്നുമുള്ള പങ്കാളിത്തം ശതമാനകണക്കിൽ |
|---|---|---|---|
| തിരുവനന്തപുരം | 10 | 3 | 30 |
| കൊല്ലം | 13 | 11 | 85 |
| ആലപ്പുഴ | 10 | 6 | 60 |
| പത്തനംതിട്ട | 9 | 7 | 78 |
| കോട്ടയം/ഇടുക്കി | 20 | 14 | 70 |
| എറണാകുളം | 17 | 6 | 35 |
| തൃശൂർ | 11 | 5 | 46 |
| പാലക്കാട് | 8 | 5 | 63 |
| മലപ്പുറം | 7 | 5 | 71 |
| കോഴിക്കോട്/വയനാട് | 9 | 3 | 33 |
| കണ്ണൂർ/കാസർഗോഡ് | 7 | 5 | 71 |

ക്രഡൻഷ്യൽ ഫോമുകൾ നല്കിയ 134 പേരുടെ പ്രായമനുസരിച്ചുള്ള കണക്കുകൾ ചുവടെ കാണിച്ചിരിക്കുന്ന വിധമാണ്.

| | | | | |
|---|---|---|---|---|
| വയ പരിധി : | 25 30 | 30-40 | 40-50 | 50-60 |
| എണ്ണം : | 10 | 54 | 64 | 6 |

ഇതിൽ തേവര കോളേജിലെ 26 വയസ്സുള്ള ശ്രീ. സിബി മാത്യു ഏററവും പ്രായം കുറഞ്ഞ അംഗവും ഗുരുവായൂരപ്പൻ കോളേജിലെ 57 വയസ്സുള്ള പ്രൊ വി. നാരായണൻകുട്ടി (മുൻപ്രസിഡൻറ്) ഏററവും പ്രായം കൂടിയ അംഗവുമാണ്.

ക്യാമ്പംഗങ്ങളുടെ കോളേജദ്ധ്യാപന പരിചയം:

| | | |
|---|---|---|
| 8 വർഷത്തിൽ താഴെ | : | 21 |
| 8 മുതൽ 16 വരെ | : | 56 |
| 16 മുതൽ 24 വരെ | : | 37 |
| 24 വർഷത്തിന് മുകളിൽ | : | 20 |

എ കെ പി സി ടി എ അംഗത്വം തുടർച്ചയായി നിലനിർത്തുന്നവരുടെ കണക്ക്:

| | | |
|---|---|---|
| 8 വർഷത്തിൽ താഴെ | : | 36 |
| 9 മുതൽ 16 വരെ | : | 44 |
| 16 മുതൽ 24 വരെ | : | 37 |
| 24 വർഷത്തിന് മുകളിൽ | : | 17 |

122 പേർ സംഘടനാഹ്വാനമനുസരിച്ചുള്ള വിവിധ സമര പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട് 38 അംഗങ്ങൾ കോളേജദ്ധ്യാപക സമരങ്ങളുമായി ബന്ധപ്പെട്ട് അറസ്ററ് വരിച്ചിട്ടുണ്ട്.

ക്യാമ്പംഗങ്ങളിൽ മഹാഭൂരിപക്ഷവും വിവാഹിതരാണ് —123 പേർ. അവിവാഹിതർ വളരെ ന്യൂനപക്ഷം —11 പേർ!

ഭാര്യ/ഭർത്താവ് ഉദ്യോഗസ്ഥരായ 67 പേരുള്ളപ്പോൾ 56 പേരുടെ ഭാര്യ / ഭർത്താവിന് ഉദ്യോഗമില്ല. 67 ൽ 26 പേർ കോളേജദ്ധ്യാപകരും 41 പേർ മററ് മേഖലകളിലെ ഉദ്യോഗസ്ഥരുമാണ്. 26 കോളേജദ്ധ്യാപകരിൽ 22 പേരും എ കെ പി സി ടി എ അംഗങ്ങളാണ്. മററ് മേഖലകളിലെ 41 പേരിൽ 28 പേർക്ക് അതാത് അദ്ധ്യാപക സർവീസ് സംഘടനകളിൽ അംഗത്വമുണ്ട്.

ഒരു ജില്ലാകൗൺസിൽ അംഗവും രണ്ട് പഞ്ചായത്ത് മെമ്പറൻമാരും ക്യാമ്പിൽ പങ്കെടുത്തു.

ക്യാമ്പിൽ ബിരുദാനന്തരബിരുദത്തോടൊപ്പം മററ് വിദ്യാഭ്യാസയോഗ്യതകൾ നേടിയ 24 പേരുണ്ട്.

| | |
|---|---|
| Ph. D. | — 5 |
| M. Phil. | — 8 |
| M. Ed. | — 1 |
| B. Ed. | — 8 |
| Diploma & Others | — 2 |

20 പേർക്ക് ഗ്രന്ഥങ്ങൾ പ്രബന്ധങ്ങൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഉണ്ട്. ഇതിൽ ചിലർ അവാർഡ് ജേതാക്കളായ കവികളുമാണ്.

ക്രഡൻഷ്യൽ ഫോമുകൾ നല്കിയവരിൽ ഒരു സിണ്ടിക്കേററ് അംഗവും 12 സെനററ് അംഗങ്ങളും 5 അക്കാദമിക് കൗസിൽ അംഗങ്ങളും 13 ബോർഡ് ഓഫ് സ്ററഡീസ് അംഗങ്ങളും ഉൾപ്പെടുന്നു.

വൈവിധ്യമാർന്ന സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ അംഗത്വമുള്ള 50 പേർ ക്യാമ്പിൽ പങ്കെടുത്തു. ഇതിൽ 30 പേർക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൽ അംഗത്വമുണ്ട്.

ഊർജ്ജസ്വലമായ സംഘടനാപ്രവർത്തനത്തിനും ഉന്നതമായ അക്കാദമിക് അന്തരീക്ഷത്തിനും ഉതകുന്ന നിരവധി നിർദ്ദേശങ്ങൾ അംഗങ്ങൾ (80 പേർ) സമർപ്പിക്കുകയുണ്ടായി.

# എ കെ പി സി ടി എ നിവേദനങ്ങൾ

I

The Director of Collegiate Eduction,
Vikas Bhavan,
Thiruvananthapuram. 6-4-1991

Sir,

Sub: Implementation of UGC Scheme and Scale of pay-Issue of clarifications–regarding.

We request you to be good enough to issue directions in respect of the following points to:

1. The Principals of all colleges to forward to the Dy. D. C. Es
   (a) The option forms and pay fixation proposals of those teachers who are placed in the UGC Scales of pay (48%); and
   (b) the option forms, pay fixation proposals and self appraisal forms of those teachers who have opted the 1978 and 1983 pay revisions for a date after 1-1-1986.
2. The Dy. DCEs to take steps
   (a) to consider all kinds of service (except the service put in by teachers before acquiring the post-graduate qualifications) now counted for promotion of Non-Cadre professorships, for placements in different grades of UGC Scales, and
